## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 732 — 30.06.2015-ൽ മറുപടിക്ക്

**പൊന്നാനി താലൂക്ക് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയ്ക്ക് എൻ.ആർ.എച്ച്.എം. ഫണ്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പൊന്നാനി താലൂക്ക് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ എൻ.ആർ.എച്ച്.എം ഫണ്ടിൽ നിന്നും അനുവദിച്ച തുക കൊണ്ടുള്ള പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) എൻ.ആർ.എച്ച്.എം ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടില്ല. എന്നാൽ സർക്കാരിൽ നിന്നും തുക അനുവദിച്ച് ആദ്യഘട്ടത്തിൽ (2009-10) ഭരണാനുമതി ലഭിച്ചത് 730 ലക്ഷം രൂപയ്ക്ക് പുറമേ രണ്ടാം ഘട്ടമായി തുകയിൽ വർദ്ധനവ് വരുത്തി 1063 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും ലഭിച്ചു. ഇതിനുപുറമേ 2012-13 സാമ്പത്തിക വർഷത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 35 കോടി രൂപ നീക്കിവച്ചിരുന്നു. സാമ്പത്തികവർഷം അവസാനിക്കുന്ന സമയമായതിനാൽ പ്രസ്തുത തുക എൻ.ആർ.എച്ച്.എം. -ലേയ്ക്ക് കൈമാറുകയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പണികൾ തുടങ്ങുന്ന മുറയ്ക്ക് ഫണ്ട് പി.ഡബ്ല്യു.ഡി.യ്ക്ക് കൈമാറാൻ തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് ഈ ഫണ്ടുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡി.ഡി. മുഖേന നൽകുവാനുള്ള നിർദ്ദേശം നൽകുകയുണ്ടായി. ആയതിൽ ആദ്യഗഡുവായി 1 കോടി 8 ലക്ഷം രൂപ നൽകുകയുണ്ടായി. പണി പൂർത്തിയായ സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ ബാക്കി തുക അനുവദിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത ആശുപത്രിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് എന്നേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ? | (ബി) പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയ്ക്കുവേണ്ടിയുള്ള കെട്ടിടപ്പണി പൂർണ്ണമായും ഉപയോഗപ്രദമായിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ ചുറ്റുമതിൽ, ഗേറ്റ്, അപ്രോച്ച് റോഡ്, പാർക്കിംഗ് |

(.....2)

സൗകര്യങ്ങൾ, കെട്ടിടത്തിന്റെ മുകളിൽ ഉള്ള എക്സ്ട്രാ റൂഫ് അതോടൊപ്പം കെട്ടിടത്തിന്റെ പുറകുവശത്തെ അലുമിനിയം പാനലിങ്ങ് ഇത്യാദി പണികൾക്കുവേണ്ടി 360 ലക്ഷം രൂപയുടെ ടെണ്ടർ വിളിച്ചെങ്കിലും ടെണ്ടർ ആരും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ക്വട്ടേഷൻ നടപടികൾ പി.ഡബ്ല്യു. ഡി. സ്വീകരിച്ച് വരുന്നു. കെട്ടിടം പൂർണ്ണമായും ഉപയോഗയോഗ്യമായിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ തസ്തിക സൃഷ്ടിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ